**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5726** **08-11-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറി പണമിടപാടുകൾ സുഗമമാക്കുന്നതിനും കൂടുതൽ ഡെപ്പോസിറ്റ് ആകർഷിക്കുന്നതിനും നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ട്രഷറിയിൽ കൂടുതൽ ഡെപ്പോസിറ്റ് ആകർഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നറിയിക്കാമോ? | (എ) | ട്രഷറി നിക്ഷേപങ്ങൾക്ക് മറ്റ് പൊതുമേഖലാ/ ഷെഡ്യൂൾഡ് ബാങ്കുകളെ അപേക്ഷിച്ച് ഉയർന്ന പലിശയാണ് നൽകി വരുന്നത്. കൂടാതെ, ഹ്രസ്വകാല നിക്ഷേപങ്ങളും സ്വീകരിക്കുന്നുണ്ട്. 18/01/2021-ലെ സ.ഉ.(പി)നം.10/2021/ധന പ്രകാരമുള്ള പലിശ നിരക്കാണ് 01/02/2021 മുതൽ പ്രാബല്യത്തിലുള്ളത്. ട്രഷറിയിൽ സ്ഥിരനിക്ഷേപം ആരംഭിക്കുമ്പോൾ തന്നെ സീറോ ബാലൻസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും, നിക്ഷേപ പലിശ കൃത്യമായി എല്ലാ മാസവും ആദ്യ പ്രവർത്തി ദിവസം തന്നെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ വരവ് വച്ച് നൽകി വരുകയും ചെയ്തു വരുന്നു. സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് 4% വാർഷിക പലിശയും ഇടപാടുകൾക്ക് ഓൺലൈൻ സൗകര്യവും നൽകി വരുന്നു. കേരള സർക്കാരിന്റെ ഔദ്യോഗിക payment gateway ആയ e-treasury മുഖേന നിക്ഷേപമാക്കുവാനുള്ള തുക നിക്ഷേപകന് സ്വയമേവ ബാങ്ക് അക്കൗണ്ടിൽ നിന്നും ടി.എസ്.ബി അക്കൗണ്ടിലേക്കു മാറ്റുവാനുള്ള സൗകര്യവും നിലവിലുണ്ട്. ബാങ്ക് ചെക്ക് കളക്ഷന് സമർപ്പിക്കുന്ന വേളയിൽ തന്നെ ട്രഷറി ചെക്ക് കൈപറ്റി, കൈപറ്റരസീത് നൽകണമെന്നും, കളക്ഷൻ പ്രക്രിയ വേഗത്തിലാക്കുവാനും, തുക കളക്ഷനാകുന്ന ദിവസം തന്നെ സ്ഥിരനിക്ഷേപമാക്കുവാനുള്ള നിർദ്ദേശം ട്രഷറികൾക്ക് നൽകിയിട്ടുണ്ട്. നിക്ഷേപ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്തു നൽകുകയും സർട്ടിഫിക്കറ്റ് സൂക്ഷിക്കുവാനായി പരിസ്ഥിതി സൗഹൃദ കവറുകളും നിക്ഷേപകർക്ക് നൽകി വരുന്നുണ്ട്. ജീവനക്കാർ ഇടപാടുകാരോട് സൗഹാർദ്ദപരമായ സമീപനം സ്വീകരിച്ചു, ഇടപാടുകൾ താമസംവിനാ നടത്തികൊടുക്കുന്നുണ്ട്. സ്ഥിരനിക്ഷേപവുമായി ബന്ധപ്പെട്ട സെക്ഷനിൽ തിരക്ക് അനുഭവപ്പെടുന്ന അവസരങ്ങളിൽ മറ്റ് |

| | | | |
|---|---|---|---|
| | | | സെക്ഷനിലെ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നുണ്ട്. ഹെൽപ് ഡെസ്ക് സൗകര്യവും ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ